**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2644** **13-02-2024 - ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് തടയാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം തട്ടിപ്പുകളിലൂടെയുണ്ടാകുന്ന വരുമാന ചോർച്ച കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വ്യാജ രേഖകൾ ഉപയോഗിച്ച് ജി.എസ്.ടി രജിസ്ട്രേഷൻ നേടിക്കൊണ്ട് വ്യാജ ഇൻപുട് ടാക്സ് ക്രെഡിറ്റ് കൈമാറ്റം ചെയ്യുന്നതായി ജി.എസ്.ടി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ സെർച്ച്/ഇൻവെസ്റ്റിഗേഷൻ എന്നീ നടപടികളിലൂടെ വ്യാജമായി കൈമാറ്റം ചെയ്തതായി കണ്ടെത്തുന്ന ഇൻപുട് ടാക്സ് ക്രെഡിറ്റ് തിരിച്ച് പിടിക്കുന്നതിനും ഇത്തരത്തിലുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു. കൂടാതെ, വെട്ടിപ്പ് നടത്തിയവർക്കെതിരെ പെനാൽറ്റി നടപടികളും സ്വീകരിച്ചുപോരുന്നു. ഇതോടൊപ്പം തന്നെ ദേശീയതലത്തിൽ നടന്നുവരുന്ന "ആന്റി ഫേക്ക് ഇൻവോയ്സ് & രജിസ്ട്രേഷൻഡ്രൈവ്" എന്ന പദ്ധതിയിലൂടെ സംസ്ഥാനങ്ങൾ പരസ്പരം കൈമാറുന്ന വിവരങ്ങളിലൂടെയും ഇത്തരം വ്യാജ രജിസ്ട്രേഷൻ കണ്ടെത്തി മേൽ വിവരിച്ച രീതിയിലുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു. |
| (ബി) | നികുതി വെട്ടിപ്പ് തടയാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പ്രധാനമായും നികുതി വെട്ടിപ്പ് തടയുക, സർക്കാരിലേയ്ക്ക് ലഭിക്കുവാനുള്ള നികുതി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പുനഃസംഘടന നടപ്പിലാക്കിയത്. ആയതിന്റെ ഭാഗമായി ഇന്റലിജൻസ്, എൻഫോഴ്സ്മെൻറ്, ഓഡിറ്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ച്, കൃത്യമായ പരിശീലനങ്ങൾ നൽകി, നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വകുപ്പ് കാര്യക്ഷമതയോടെ ഏർപ്പെട്ടുവരുന്നു. |

സെക്ഷൻ ഓഫീസർ